നമ്പർ.എൻ.ഇ.പി(3)/...53537.../2011

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി: 18.08.2011

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം- സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും സമ്പൂർണ എന്ന പേരിൽ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ വിന്യാസം നൽകുന്നതിന്റെ മാർഗനിർദേശങ്ങൾ**

സൂചന:- 1. സർക്കാർ കത്ത് നം.27207/G3/11/പൊ.വി.വ തീയതി 20.06.2011

2. G.O(MS) No.27/2010/ITD Dated 20.10.2010

പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ സമ്പൂർണ എന്ന പേരിൽ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾതല പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സുതാര്യവും ലളിതവുമാക്കാൻ പ്രധാനാധ്യാപകരെ സഹായിക്കുകയാണ് സമ്പൂർണ്ണയുടെ പ്രധാന ലക്ഷ്യം. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, കുട്ടികൾ, രക്ഷിതാക്കൾ അധ്യാപക-അനധ്യാപക ജീവനക്കാർ എന്നിവരെ സംബന്ധിക്കുന്ന വിവിധ റിപ്പോർട്ടുകൾ, വിവിധ സ്കോളർഷിപ്പുകൾക്കാവശ്യമായ ലിസ്റ്റുകൾ, പ്രോഗ്രസ് റിപ്പോർട്ട്, പ്രമോഷൻ ലിസ്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നത്. 'സമ്പൂർണ'യിലൂടെ ആയാസരഹിത പ്രവർത്തനങ്ങളായി മാറും. പത്താം തരത്തിലെ A ലിസ്റ്റ്, സ്പോർട്സ്, സ്കൂൾ കലോത്സവം തുടങ്ങിയ മത്സര ഇനങ്ങൾക്കാവശ്യമായ പ്രവേശന ഫോറങ്ങൾ തയ്യാറാക്കൽ എന്നിവയും സമ്പൂർണയിലൂടെ സാധ്യമാകും. ടൈംടേബിൾ തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ് വെയറും സമ്പൂർണയിലുണ്ട്. ഇതിനായി എല്ലാ വിദ്യാലയങ്ങളിലെയും കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ സോഫ്റ്റ് വെയറിലേയ്ക്ക് എന്റർ ചെയ്യേണ്ടതുണ്ട്. സൂചന ഒന്ന് പ്രകാരം സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ എല്ലാ ഹൈസ്കൂളുകളിലും 'സമ്പൂർണ' വിന്യസിക്കും എന്ന് പറയുന്നുണ്ട്. അതിനാൽ ആദ്യ ഘട്ടത്തിൽ 8, 9, 10 ക്ലാസുകളിലെ കുട്ടികളുടെ വിവരങ്ങളാണ് എന്റർ ചെയ്യേണ്ടത്. സൂചന രണ്ട് പ്രകാരം സ്കൂൾ കുട്ടികൾക്ക് കേന്ദ്ര സർക്കാർ പദ്ധതിയായ ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) നൽകുന്ന പ്രവർത്തനത്തിന് ഐടി@സ്കൂളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ സമ്പൂർണയും യു.ഐ.ഡി.യും ഒരുമിച്ച് നടപ്പാക്കാൻ വേണ്ട സംവിധാനങ്ങൾ സ്കൂളുകൾ ഏർപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വിവര ശേഖരണത്തിനുള്ള ഫോം ഐടി@സ്കൂൾ ലഭ്യമാക്കുന്നതാണ്.
2. വിദ്യാലയത്തിലെ എല്ലാ കുട്ടികളുടെയും വിവരങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ ക്ലാസ്സ് ഡിവിഷൻ അടിസ്ഥാനത്തിലാണ് ശേഖരിക്കുക. അഡ്മിഷൻ രജിസ്റ്ററുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ട ചുമതല ക്ലാസ്സ് അധ്യാപകർക്കായിരിക്കും.
3. മുഴുവൻ വിദ്യാർത്ഥികളുടെയും ഫോറങ്ങൾ പൂരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി, ക്ലാസ്സ് ഡിവിഷൻ തിരിച്ച്, 31/08/2011 നകം ശേഖരിക്കേണ്ട ചുമതല ബന്ധപ്പെട്ട പ്രധാനാധ്യാപകർക്കായിരിക്കും. ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം മോണിറ്റർ ചെയ്യണം.

4. ഡേറ്റാ എൻട്രി പ്രവർത്തനം ഐടി@സ്കൂളിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കണം. ഡേറ്റ എൻട്രിക്കുശേഷം ലഭിക്കുന്ന റിപ്പോർട്ടിന്റെ പ്രിന്റൗട്ട് ബന്ധപ്പെട്ട ക്ലാസ് ടീച്ചർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

5. 2011 ഓഗസ്റ്റ് 17 മുതൽ 19 വരെയുള്ള തീയതികളിൽ സൗകര്യപ്രദമായ ഒരു ദിവസം വിദ്യാഭ്യാസ ജില്ലാ തലത്തിലോ, ഉപജില്ലാതലത്തിലോ പ്രധാനധ്യാപകരുടെയും സ്കൂൾ ഐടി കോർഡിനേറ്റർമാരുടെയും സംയുക്തയോഗം വിളിച്ച് സമ്പൂർണയുടെ പ്രാധാന്യത്തെയും പ്രവർത്തനങ്ങളെയുംകുറിച്ചുള്ള വിശദീകരണം ഐടി@സ്കൂൾ ജില്ലാ കേന്ദ്രത്തിൽ നിന്നും ക്രമീകരിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇത് സംബന്ധിച്ച ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

6. ഈ വർഷം മുതൽ എസ്.എസ്.എൽ.സി.യുടെ എ-ലിസ്റ്റ് തയ്യാറാക്കുന്നത് 'സമ്പൂർണ' യിലൂടെയായിരിക്കും. കലോത്സവങ്ങൾ, ശാസ്ത്രമേളകൾ തുടങ്ങിയവയ്ക്കും ഈ ഡേറ്റ ഉപയോഗിക്കും. പത്താം ക്ലാസിലെ കുട്ടികളുടെ ഫോട്ടോ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ നൽകാനായി പരീക്ഷാഭവൻ മാനദണ്ഡപ്രകാരം സമ്പൂർണ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

7. യു.ഐ.ഡി.യുടെ ഭാഗമായി വെരിഫിക്കേഷൻ നടത്തുന്ന അധ്യാപകർക്കുള്ള തുകയും, സ്കൂളിനുള്ള തുകയും വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

8. സമ്പൂർണ/യു.ഐ.ഡി.യുമായി ബന്ധപ്പെട്ട മറ്റു നിർവഹണ വിശദാംശങ്ങൾ പുറപ്പെടുവിക്കാൻ ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**എ. ഷാജഹാൻ ഐ.എ.എസ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@ സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ.മാർക്കും
സെക്രട്ടറി, പരീക്ഷാഭവൻ
എല്ലാ ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും